# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-KLM.P5/484/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 20/06/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1)അസി.ഡവലപ്പ്മെന്റ് കമ്മീഷണർ
2)ഡയരക്ടർ(കേരളസംസ്ഥാനഓഡിറ്റ് വകുപ്പ് )
3)കാര്യാലയപകർപ്പ്

നമ്പർ: KSA-KLM.P5/484/22 തീയ്യതി: 20/06/2022

## കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-09-2020 മുതൽ 31-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മാത്യുറോയി.കെ.പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 21-02-2022 | 02-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-02-2022 | 02-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ശശിജോഷ്.(ഓഡിറ്റ്.ഓഫീസർ)
ശ്രീമതി.ഷീജ.ആർ(അസി.ഓഡിറ്റ്.ഓഫീസർ)
ശ്രീമതി.ജൂഡിറ്റ്.വർഗീസ്.എൻ (സീനി.ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി.അമല സെർമിയസ്(ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ലൈല.എസ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| ശ്രീ.എൻ.സദാനന്ദൻ പിള്ള | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ശംഭു.എസ് | സെക്രട്ടറി | 01-04-2020 | 15-02-2021 |
| ശ്രീമതി.ഷൈനി.ജി | സെക്രട്ടറി | 16-02-2021 | 31-03-2021 |
| ശ്രീമതി.മഞ്ജു.കെ.എസ് | അസി.എക്സി.എഞ്ചിനീയർ | 01-04-2020 | 02-08-2020 |
| ശ്രീമതി.ജ്യോതി വിദ്യാധരൻ | അസി.എക്സി.എഞ്ചിനീയർ | 03-08-2020 | 31-03-2021 |
| ശ്രീ.ജിജോ.ഡബ്ല്യു.എസ് | അസി.എഞ്ചിനീയർ | 01-04-2020 | 11-05-2020 |
| ശ്രീമതി.രമ്യ.എം | അസി.എഞ്ചിനീയർ | 12-05-2020 | 21-06-2020 |
| ശ്രീമതി.ജസ്ന ഫാത്തിമ | അസി.എഞ്ചിനീയർ | 22-06-2020 | 31-03-2021 |
| ശ്രീ.ഷിബുകുമാർ .വി.എൻ | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2020 | 31-03-2021 |
| ശ്രീമതി.രഞ്ജിനി.എൽ | സി.ഡി.പി.ഒ | 01-04-2020 | 31-03-2021 |
| ഡോ.അനുപമ .ആർ | വെറ്റിനറിസർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.പ്രിൻസി ജോൺ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.മുരളീധരൻനായർ.എസ് | പട്ടികജാതിവികസനഓഫീസർ | 01-04-2020 | 03-02-2021 |
| ശ്രീമതി.റീനതോമസ് | പട്ടികജാതിവികസനഓഫീസർ | 04-02-2021 | 09-02-2021 |
| ശ്രീമതി.ഷീജാബിവി .എ.എസ് | പട്ടികജാതിവികസനഓഫീസർ | 10-02-2021 | 28-02-2021 |
| ശ്രീമതി.സന്ധ്യ.റ്റി.എം | പട്ടികജാതിവികസനഓഫീസർ | 01-03-2021 | 31-03-2021 |
| ഡോ. ബിൻസി .ബി.എസ് | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ശ്രീ.ബിജോയ്.എസ് | വ്യവസായവികസനഓഫീസർ | 01-04-2020 | 27-02-2021 |
| ശ്രീ.നജീം.എസ് | വ്യവസായവികസനഓഫീസർ | 28-02-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 10-06-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: R.Sheeja (Asst. Audit Officer, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 10-06-2022) | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: R.Sheeja (Asst. Audit Officer, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: R.Sheeja (Asst. Audit Officer, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: R.Sheeja (Asst. Audit Officer, On 24-02-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 10-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 10-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 10-06-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 10-06-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 10-06-2022) | 1-10 |
| 12 | രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനത്തിലെ അപാകതകൾ<br>Written By: Amala Sermius (Auditor, On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 1-11 |
| 13 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഒരേ ഗുണഭോക്താവിന് ഒന്നിലധികം തവണ ആനുകൂല്യം നല്കി<br>Written By: R.Sheeja (Asst. Audit Officer, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 10-06-2022) | 1-12 |
| 14 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പൂർത്തീകരിച്ചില്ല<br>Written By: R.Sheeja (Asst. Audit Officer, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 20-06-2022) | 1-13 |
| 15 | സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികളുടെ വിനിയോഗ രേഖകൾ ഹാജരാക്കിയില്ല<br>Written By: R.Sheeja (Asst. Audit Officer, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 1-14 |
| 16 | ബ്ലോക്ക് പഞ്ചായത്തിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ - കേരള സ്റ്റേറ്റ് ഐ.ടി മിഷനിൽ നിന്നും 22,457/-രൂപ ഈടാക്കിയില്ല<br>Written By: R.Sheeja (Asst. Audit Officer, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 1-15 |

| | | |
|---|---|---|
| 17 | സ്വയംതൊഴിൽ സംരംഭകർക്ക് അനുവദിക്കുന്ന ലോൺ - പലിശ ഇനത്തിൽ - സബ്സിഡി തുകയുടെ ആനുകൂല്യം ഉൾപ്പെടുത്തുന്നില്ല<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 1-16 |
| 18 | സി.ഡി.പി.ഒ നിർവഹണം നടത്തിയ പദ്ധതികളിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Judith Varghese (Senior Grade Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 1-17 |
| 19 | കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല<br>Written By: Judith Varghese (Senior Grade Auditor, On 03-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 1-18 |
| 20 | സി.എച്ച്.സിയ്ക്ക് ജനറേറ്റർ സ്ഥാപിയ്ക്കൽ - വാങ്ങൽ മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല, ചെലവുകളെ സാധൂകരിയ്ക്കുന്ന സാക്ഷ്യപത്രങ്ങൾ ഇല്ല.<br>Written By: A.Sasijosh (Audit Officer, On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 1-19 |
| 21 | പൊളിച്ചെടുത്ത പാറയും കുഴിച്ചെടുത്ത മണ്ണും പുനരുപയോഗിച്ചിട്ടില്ല, തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: A.Sasijosh (Audit Officer, On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 1-20 |
| 22 | കുഴിച്ചെടുത്ത മണ്ണിന്റെ പുനരുപയോഗ വിവരങ്ങളില്ല.<br>Written By: A.Sasijosh (Audit Officer, On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഒരേ ഗുണഭോക്താവിന് ഒന്നിലധികം തവണ ആനുകൂല്യം നല്കി<br>Written By: R.Sheeja (Asst. Audit Officer, On 05-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 10-06-2022) | 3-1 |
| 2 | പൊളിച്ചെടുത്ത പാറയും കുഴിച്ചെടുത്ത മണ്ണും പുനരുപയോഗിച്ചിട്ടില്ല, തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.<br>Written By: A.Sasijosh (Audit Officer, On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 3-2 |
| 3 | കുഴിച്ചെടുത്ത മണ്ണിന്റെ പുനരുപയോഗ വിവരങ്ങളില്ല.<br>Written By: A.Sasijosh (Audit Officer, On 20-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 09-06-2022) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിരനിക്ഷേപം<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 09-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Judith Varghese (Senior Grade Auditor, On 02-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 09-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 09-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Judith Varghese (Senior Grade Auditor, On 02-03-2022)<br>Last Updated By: Bini Chandran S (Computer Assistant, On 21-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

20.03.2020 തീയതിയിലെ I(1) തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.21 | 15.07.21 | - | - |

### 1-2-1 വാർഷികധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1. B11, B11(a) എന്നിവ പ്രകാരം തൻവർഷം സൃഷ്ടിക്കപ്പെട്ട ആകെ ആസ്തികൾ 6,91,88,640/-രൂപയാണ്. എന്നാൽ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ B3 പ്രകാരം 2,87,24,513/-രൂപയാണ് കാണിച്ചിട്ടുള്ളത്. വ്യത്യാസമുള്ള 4,04,64,127/-രൂപയുടെ മെയിന്റനൻസ്(റോഡിതരം), തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് സൃഷ്ടിച്ചിട്ടുള്ള ആസ്തികളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

2. TSB അക്കൌണ്ടിന്റെ (Joint Venture) ബാങ്ക്ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പ് 10,00,001/-രൂപയും ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരുപ്പ് 10,00,000/-രൂപയുമാണ്. ഒരു രൂപയുടെ വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

3. അസി.എഞ്ചിനീയർ ലഭ്യമാക്കിയ രേഖകൾ പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 16,12,347/-രൂപയുടെ പാർട്ട് ബില്ലുകൾ മാറിയിട്ടുണ്ട്. Capital Work In Progress ഇനത്തിൽ വാർഷിക കണക്കിൽ കാണിച്ചിട്ടുള്ളത് 41,56,619/-രൂപയാണ്.

4. തൻവർഷം Deposit Work ഇനത്തിൽ 20,85,376/-രൂപ വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നിവയ്ക്ക് നൽകിയിട്ടുണ്ട്. ആയത് RP-47 ൽ ഉൾപ്പെട്ടിട്ടില്ല.

5. മെയിന്റനൻസ് ഫണ്ട്(റോഡിതരം) ACR ലെ തുകയും വാർഷിക കണക്കുകളിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,95,80,737/- |
| വരവ് | 7,58,60,672/- |
| ആകെ | 10,54,41,409/- |
| ചെലവ് | 8,58,72,702/- |
| നീക്കിയിരുപ്പ് | 1,95,68,707/- |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 26,959/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 46,91,423/- |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്സായ തുക (രൂപ) | ക്യൂ ബിൽ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 3,14,68,198/- | 3,14,68,198/- | 3,11,30,624/- | 3,37,574/- | |
| വികസന ഫണ്ട്-എസ്.സി.പി | - | 2,64,86,917/- | 2,64,86,917/- | 1,91,38,305/- | 73,48,612/- | |
| മെയിന്റനൻസ് ഫണ്ട്, നോൺ-റോഡ് | - | 51,59,000/- | 51,59,000/- | 51,59,000/- | 0 | |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Untied | - | 59,10,000/- | 59,10,000/- | 55,65,737/- | 3,44,263/- | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Tied | | 59,10,000/- | 59,10,000/- | 90,544/- | 58,19,456/- | |
| കേന്ദ്രാവിഷ്കൃതഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| TSC | 28,03,562/- | 87,589/- | 28,91,151/- | 36/- | 28,91,115/- | |
| ഐ.എ.വൈ | 1,27,73,160/- | 3,67,416/- | 1,31,40,576/- | 13,61,234/- | 1,17,79,342/- | |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ്(രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 119 | 10,70,51,948/- | 98 | 5,86,88,487/- | - | 21 | 82.35% |

1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

1-7 ക്ഷേമ പദ്ധതികൾ

ഇല്ല

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.02.2022 ന് സ്ഥാപനതലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് കാണപ്പെട്ടില്ല.

1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ക്ഷേമചുമതലകളും സാമ്പത്തിക വികസനപ്രവർത്തനങ്ങളും ജനപങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നിർവഹണം നടത്തുന്നതിന് ഉതകുന്ന ഭരണസംവിധാനം പ്രവർത്തിച്ചുവരുന്നു. ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും ഓഫീസ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ വരുമാനങ്ങൾ, ചെലവുകൾ, ബാദ്ധ്യതകൾ, ആസ്തികൾ എന്നിവ ഉൾപ്പെടുന്നതും സാമ്പത്തികവർഷത്തെ ധനപരവും പ്രവർത്തനപരവുമായ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നതുമായ ബജറ്റ് അവതരിപ്പിക്കുകയും ചെലവുകൾക്ക് ബജറ്ററി നിയന്ത്രണം വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബജറ്റ് പ്രകാരമുള്ള ചെലവുകളിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച വാർഷികപദ്ധതി പ്രകാരമുള്ള ചെലവുകൾ കൂടി സംയോജിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന് ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി ഭരണനിർവഹണം സാദ്ധ്യമാക്കുന്നതിന് മാർഗനിർദ്ദേശങ്ങൾക്കനുസൃതമായ നിയന്ത്രണസംവിധാനങ്ങൾ ഒരുക്കുവാൻ ഭരണനിർവഹണാധികാരികൾ പരിശ്രമിച്ചിട്ടുണ്ടെങ്കിലും ധനാഗമവിനിയോഗ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുന്നതിലേയും പദ്ധതി നിർവഹണ പ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിക്കുന്നതിലേയും ജാഗ്രതക്കുറവ് പ്രകടമാണ്. വികസനപ്രവർത്തനങ്ങൾക്കായും ആസ്തികളുടെ പരിപാലനത്തിനുമായി

ലഭ്യമായ ഫണ്ടുകൾ വാർഷികപദ്ധതി നിർവഹണപ്രവർത്തനങ്ങളിലൂടെ ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടില്ല.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകളുടെ വിനിയോഗത്തിന്റെയും സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ നീക്കിയിരിപ്പിന്റെയും കൃത്യമായ കണക്കുകൾ അക്കൗണ്ടിൽ രേഖപ്പെടുത്തിയിട്ടില്ല. രസീത് ബുക്കുകളുടെ പരിപാലനം 2011-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങളിലെ നിർദ്ദേശാനുസരണം വ്യവസ്ഥാപിതമാക്കുന്നതിലും ഫോറങ്ങൾക്കുള്ള സ്റ്റോക്ക് രജിസ്റ്റർ പരിപാലിയ്ക്കുന്നതിലും പിഴവുകൾ സംഭവിച്ചിട്ടുണ്ട്.

ഭരണകർത്താക്കളാൽ പ്രാവർത്തികമാക്കപ്പെടേണ്ട ചുവടെ ചേർക്കുന്ന മേഖലകളിലെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ദുർബലമായതിനാൽ നടപടിക്രമങ്ങളിലും പദ്ധതി നിർവ്വഹണത്തിലും പിഴവുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

ഓരോ മാസത്തേയും രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റുകൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി പരിശോധിച്ച് അംഗീകരിക്കണമെന്ന കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

ക്ഷേമപദ്ധതികൾക്കായുള്ള ധനവിനിയോഗത്തിൽ പ്രക്രിയാതല നിയന്ത്രണം സാധ്യമാക്കാനുതകുന്ന വിധത്തിൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

തൊഴിലവസരങ്ങളും വരുമാനവർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതികൾക്കായി സബ്സിഡിയായി നിക്ഷേപിയ്ക്കപ്പെട്ട ഫണ്ടിന്റെ ആനുകൂല്യം ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ല.

സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണത്തിൽ പ്രക്രിയാതല നിയന്ത്രണം സാധ്യമാക്കാനുതകുന്ന വിധത്തിൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാൻ കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കുവാനും അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22-11-2021 മുതൽ 27-11-21 | 2020-2021 | 23-2-22 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16-3-16 മുതൽ 22-3-2016 വരെ | 2012-13 മുതൽ 2014-15 | 10-5-2016 |

1-11 രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിന്റെ പരിപാലനത്തിലെ അപാകതകൾ

ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും 27.11.17 ൽ ലഭ്യമായ 5 രസീതു ബുക്കുകളിൽ 4 എണ്ണം 12.3.18 ൽ വെറ്റിനറി സർജനും പ്രസ്തുത തീയതിക്കു ശേഷം 16.4.18 ന് മുമ്പായി ഹെഡ് അക്കൗണ്ടന്റ് ശ്രീമതി. റെജിക്കും നൽകിയതായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. മേൽ സൂചിപ്പിച്ച 5 ബുക്കുകളുടെ ബുക്ക് നമ്പറോ രസീത് ബുക്ക് കൈമാറിയ തീയതിയോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 19.12.2017 മുതൽ 17.11.2020 വരെയുള്ള കാലയളവിൽ ഉപയോഗിച്ചിരിക്കുന്ന ബുക്ക് നമ്പർ 907 പരിശോധനക്കായി ഹാജരാക്കി എന്നാൽ ഈ ബുക്ക് സംബന്ധിച്ച് വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കു ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും 27.11.2017 ൽ ലഭ്യമായ 5 രസീതുകളും വെറ്റിനറി സർജനാണ് നൽകിയത് എന്നും ജൂനിയറായിട്ടുള്ള ഉദ്യോഗസ്ഥൻ പരിചയക്കുറവിനാൽ തെറ്റായി രേഖപ്പെടുത്തിയതുമൂലം സംഭവിച്ച പിഴവാണ് എന്നും മറുപടി ലഭിച്ചു.

രസീത് ബുക്ക് നമ്പർ 907 പ്രകാരം ഹെഡ് അക്കൗണ്ടന്റ് 19.2.2017 മുതൽ സ്വീകരിച്ച തുക ട്രഷറിയിൽ നിക്ഷേപിച്ചതിന്റെ രേഖകളും ഓഡിറ്റിനു ഹാജരാക്കി.

ഇത്തരത്തിലുള്ള പിഴവുകൾ കണ്ടെത്തി ആവശ്യമായ നടപടികളെടുക്കുന്നതിന് ഉത്തരവാദിത്വപ്പെട്ടവർ നടപടിയെടുക്കുന്നില്ല. പെർഫോമൻസ് ഓഡിറ്റ് സംവിധാനങ്ങളോ, ആഭ്യന്തര നിയന്ത്രണസംവിധാനങ്ങളോ വേണ്ടത്ര ജാഗ്രത പാലിക്കുന്നില്ല എന്നതും ശ്രദ്ധേയമാണ്. തുടർനടപടികൾക്കായി തദ്ദേശഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-12 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഒരേ ഗുണഭോക്താവിന് ഒന്നിലധികം തവണ ആനുകൂല്യം നല്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നമ്പർ നം.62/20-21 ) |
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 5,00,000/-രൂപ |
| ഫണ്ട് | വികസന ഫണ്ട്(എസ്.സി.പി) |
| ചെലവ് | 5,00,000/-രൂപ |

മേൽ പദ്ധതി പ്രകാരം രണ്ടാം വർഷ ബിരുദ വിദ്യാർത്ഥിയായ (ബി.എ. എക്കണോമിക്സ്, മന്നം മെമ്മോറിയൽ എൻ.എസ്.എസ് കോളേജ്, കൊട്ടിയം) ശ്രുതി.എം, കാഞ്ഞിരംവിള, കലക്കോട് പി.ഒ, പൂതക്കുളം എന്ന വിദ്യാർത്ഥിയ്ക്ക് പട്ടികജാതി വികസന ഓഫീസറുടെ 26.02.20-ലെ ഉത്തരവ് നമ്പർ ഐ.ബി 300/20 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബിൽനമ്പർ.37/20-21, 21.10.20 പ്രകാരം 20,000/- രൂപ എസ്.ബി.ഐ-യുടെ സൗത്ത് പരവൂർ ബ്രാഞ്ചിലെ 67341815168 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇതേ വിദ്യാർത്ഥിക്ക് പട്ടികജാതി വികസന ഓഫീസറുടെ 20.10.20-ലെ ഉത്തരവ് നമ്പർ ഐ.ബി 300/20 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബിൽനമ്പർ. 37/20-21, 21.10.20 പ്രകാരം വീണ്ടും 20,000/- രൂപ ഇതേ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഒരേ പദ്ധതി പ്രകാരം ഒരേ ഗുണഭോക്താവിന് ഒന്നിലധികം തവണ ആനുകൂല്യം നല്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ, നോട്ടപ്പിശകുമൂലം ഉണ്ടായ പിഴവാണെന്നും, ആയത് ഗുണഭോക്താവിനോട് തിരികെ അടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും തുക തിരികെ അടച്ച ചെല്ലാൻ അയച്ചുതരുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. അധികം ചെലവഴിച്ച 20,000/-രൂപ ഈടാക്കി ഒടുക്കു വരുത്താത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

നിരാകരണം-20,000/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ.5/2020-21, 28.02.2022

### 1-13 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - പൂർത്തീകരിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി(SO)<br>പ്രോജക്ട് നമ്പർ നം.105/20-21 |
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 30,50,000/-രൂപ |
| ഫണ്ട് | വികസന ഫണ്ട്(എസ്.സി.പി) |
| ചെലവ് | 26,10,208/-രൂപ |

ഈ പദ്ധതി പ്രകാരം ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പഠനമുറി പൂർത്തിയാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ | ഗുണഭോക്താവിന്റെ പേരും | കൈപ്പറ്റിയ ഗഡുക്കൾ | ആകെ കൈപ്പറ്റിയ |
|---|---|---|---|

| നമ്പർ | വിലാസവും | | തുക(രൂപ) |
|---|---|---|---|
| 1 | ശോഭ,<br>ചാരുപൊയ്ക വടക്കതിൽ<br>വെളിച്ചിക്കാല പി.ഒ<br>ആദിച്ചനല്ലൂർ | 50,000/-, ബിൽ നമ്പർ.7/19-20, 26.09.2019<br>50,000/-, ബിൽ നമ്പർ.18/19-20, 29.11.2019 | 1,00,000/- |
| 2 | സുനിൽകുമാർ,<br>കളത്തരഴികം<br>വാഴപ്പള്ളി തെക്ക്<br>ആദിച്ചനല്ലൂർ | 50,000/-, ബിൽ നമ്പർ.8/19-20, 17.10.2019<br>50,000/-, ബിൽ നമ്പർ. 11/19-20, 11.11.2019 | 1,00,000/- |
| 3 | വസന്ത സിന്ധു.കെ,<br>സുജഭവൻ<br>മേവനംകോണം<br>കല്ലുവാതുക്കൽ | 50,000/-, ബിൽ നമ്പർ.9/19-20, 11.11.2019<br>50,000/-, ബിൽ നമ്പർ.19/19-20, 18.12.2019 | 1,00,000/- |
| 4 | അജിത,<br>ദേവികാസദനം<br>മീനാട്<br>ചാത്തന്നൂർ | 50,000/-, ബിൽ നമ്പർ.15/19-20, 14.11.2019<br>50,000/-, ബിൽ നമ്പർ.30/19-20, 26.02.2019 | 1,00,000/- |
| 5 | സതി,<br>രാധികാ ഭവൻ<br>ഇടയാടി വയലിൽ വീട്<br>പൂതക്കുളം | 50,000/-, ബിൽ നമ്പർ.1/18-19, 29.09.2018<br>50,000/-, ബിൽ നമ്പർ.2/18-19, 14.11.2018 | 1,00,000/- |
| 6 | സീന,<br>സീന ഭവൻ<br>എഴിപ്പുറം<br>കല്ലുവാതുക്കൽ | 50,000/-, ബിൽ നമ്പർ.3/18-19, 27.11.2018<br>50,000/-, ബിൽ നമ്പർ.11/18-19, 24.03.2019 | 1,00,000/- |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ, പൂർത്തിയാക്കാത്ത പഠനമുറികൾ പൂർത്തിയാക്കുന്നതിന് 2021-22 വർഷം തുക വകയിരുത്തിയിട്ടുണ്ടെന്നും, ആയവ ഉടൻ പൂർത്തിയാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, പഠനമുറികൾ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം. 5/20-21, 28.2.2022

1-14 സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികളുടെ വിനിയോഗ രേഖകൾ ഹാജരാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-2021 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കായില്ല.

| ക്രമ നം. | പദ്ധതിയുടെ പേര്, അടങ്കൽ തുക / ഫണ്ടിനം | ചെലവ് തുക ബിൽ നം- | തുക കൈപ്പറ്റിയ സ്ഥാപനം | തടസ്സപ്പെടുത്തുന്ന തുക (രൂപ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | തീയതി | | |
| 1 | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ കടമ്പാട്ടുകോണം, കോട്ടയ്ക്കേറം, എഴിപ്പുറം, ചാവർകോട് വാർഡുകളിലെ പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 20-21 പ്രോജക്ട് നം. – 62/20-21 5,00,000/-(വികസന ഫണ്ട്-എസ്.സി.പി) | 5,00,000/- 31/20-21, 24.08.20 | വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, കൊല്ലം | 5,00,000/- |
| 2 | കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് വരിഞ്ഞം വാർഡ് പേഴുംകടവ് കോളനികളിൽ കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 20-21 പ്രോജക്ട് നം. – 82/20-21 5,00,000/-(വികസന ഫണ്ട്-എസ്.സി.പി) | 5,00,000/- 32/20-21, 24.08.20 | വാട്ടർ അതോറിറ്റി, പി.എച്ച് ഡിവിഷൻ, കൊല്ലം | 5,00,000/- |
| 3 | പട്ടികജാതി കോളനികളിൽ എൽ.ഇ.ഡി ലൈറ്റ് സ്ഥാപിക്കൽ (SO) പ്രോജക്ട് നം. – 99/20-21 1100000/-(വികസന ഫണ്ട്-എസ്.സി.പി) | 1085376/- 16/20-21,22.4.20 – 505355/- 17/20-21, 22.4.20 – 279757/- 18/20-21, 22.4.20 – 300264/- | അസി.എഞ്ചിനീയർ, ഇലക്ട്രിക് സെക്ഷൻ, ചാത്തന്നൂർ | 1085376/- |
| | | | ആകെ | 20,85,376/- |

വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി 20,85,376/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസം - 20,85,376/-രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ.4/20-21, 26.02.2022

1-15 ബ്ലോക്ക് പഞ്ചായത്തിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ - കേരള സ്റ്റേറ്റ് ഐ.ടി മിഷനിൽ നിന്നും 22,457/-രൂപ ഈടാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബ്ലോക്ക് പഞ്ചായത്തിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ (SO), പ്രോജക്ട് നമ്പർ.116/20-21 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 1,45,000/-രൂപ |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട്(റോഡിതരം) |
| ചെലവ് | 1,40,901/- രൂപ (ബിൽനമ്പർ.22/20-21, 23.04.2020) |

2020-21 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി സ്പിൽ ഓവറായി നടപ്പിലാക്കിയ പദ്ധതിയാണ് ബ്ലോക്ക് പഞ്ചായത്തിൽ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ (SO), പ്രോജക്ട് നമ്പർ.116/20-21. പ്രസ്തുത പ്രോജക്ട് പ്രകാരം കമ്പ്യൂട്ടർ- 3, യു.പി.എസ്- 3,

സ്കാനർ- 1, പ്രിന്റർ- 1 എന്നീ ഉപകരണങ്ങൾ വാങ്ങുന്നതിനായി CPRCS വെബ് പോർട്ടൽ മുഖേന റിക്വസിഷൻ നൽകിയതിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിന്റെ 07.03.2020 ലെ TVM/ITBG/PI/RC /16666/19-20 നമ്പർ പ്രൊഫോർമ ഇൻവോയിസ് പ്രകാരം 1,40,901/-രൂപ കേരള സ്റ്റേറ്റ് ഐ.ടി മിഷന്റെ റ്റി.എസ്.ബി അക്കൗണ്ടിൽ (799011400003959)ഒടുക്കു വരുത്തിയിട്ടുള്ളതാണ്. എന്നാൽ ടി ഇൻവോയിസിൽ പ്രിന്റർ ഉൾപ്പെട്ടിട്ടുള്ളതിനാൽ വർക്ക് ഓർഡർ ജനറേറ്റ് ചെയ്യാൻ സാധിക്കാത്തതിനാൽ ഐ.ടി മിഷന്റെ നിർദ്ദേശ പ്രകാരം പ്രിന്റർ, യു.പി.എസ് എന്നിവ ഒഴിവാക്കി കമ്പ്യൂട്ടർ- 3, സ്കാനർ- 1, എന്നിവ ലഭിക്കുന്നതിനായി 11,844/-രൂപയുടെ വർക്ക് ഓർഡർ നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ- 3, സ്കാനർ- 1 എന്നിവ ലഭ്യമാക്കുകയും ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രിന്റർ, യു.പി.എസ് എന്നിവയുടെ വിലയായ 22,457/-രൂപ (140901 - 11844) കെൽട്രോണിൽ നിന്ന് തിരികെ ഈടാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ തുക ഒടുക്കു വരുത്തിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, 22,457/-രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. കേരള സ്റ്റേറ്റ് ഐ.ടി മിഷനിൽ നിന്നും 22,457/-രൂപ ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും തുക ഈടാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

തടസ്സം- 22,457/-രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ.4/20-21, 26.02.2022

1-16 സ്വയംതൊഴിൽ സംരംഭകർക്ക് അനുവദിക്കുന്ന ലോൺ - പലിശ ഇനത്തിൽ - സബ്ഡിഡി തുകയുടെ ആനുകൂല്യം ഉൾപ്പെടുത്തുന്നില്ല

പ്രോജക്ട് നം- 107
വികസനഫണ്ട് അടങ്കൽ – 2,00,000/-രൂപ
ചെലവ് - 2,00,000/-രൂപ
ബിൽ നം- 3/21 തുക – 2,00,000/-രൂപ തീയതി. 21-4-20

2020-21 സാമ്പത്തികവർഷം വ്യവസായവികസന ഓഫീസർ നിർവഹണം നടത്തി വനിതാഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ ചിറക്കരദേവി തുണിസഞ്ചിനിർമ്മാണ യൂണിറ്റിന് സ്വയംതൊഴിൽ പരിശീലനത്തിനായി ഇൻഡ്യൻബാങ്കിൽ നിന്ന് 3,00,000/-രൂപ ലോൺ അനുവദിക്കുകയും 13/3/20-ൽ പ്രസ്തുത തുക ലോൺ അക്കൗണ്ടിൽ ക്രഡിറ്റാകുകയും ചെയ്തു. ലോൺ അടവ് കൃത്യമായി തീരുന്ന മുറക്ക് സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നു. എന്നാൽ പ്രസ്തുത പ്രോജക്ടിൽ ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധിച്ചതിൽ 21/4/20-ൽ ബ്ലോക്കിൽ നിന്ന് അനുവദിച്ച സബ്സിഡി തുകയായ 2,00,000/-രൂപ സസ്പെൻസ് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യേണ്ടതിന് പകരം 26/5/20-ൽ ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ടിൽ ക്രഡിറ്റാകുകയും 27/7/20ൽ പ്രസ്തുത തുക ലോൺ അക്കൗണ്ടിൽ നിന്ന് സസ്പെൻസ് അക്കൗണ്ടിലേക്ക് മാറ്റുകയും ചെയ്തു.

ഗുണഭോക്താക്കളുടെ ലോൺ അക്കൗണ്ട്, ലോൺ തിരിച്ചടവ് എന്നിവയുടെ പാസ്ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത ഗുണഭോക്താക്കളിൽ നിന്ന് ലോൺ തുകയായ 3,00,000/-രൂപക്കുള്ള പലിശ 7/20 വരെ ഈടാക്കിയതായും തുടർന്ന് സബ്സിഡി തുകയായ 2 ലക്ഷം രൂപ കഴിച്ചുള്ള 1,00,000/-രൂപക്ക് മാത്രം പലിശ ഈടാക്കിയിരിക്കുന്നതായും കാണപ്പെട്ടു. വായ്പാതിരിച്ചടവിന്റെ മുഴുവൻ കാലയളവിലും 1,00,000/-രൂപക്കുള്ള പലിശ മാത്രമാണ് നിയമാനുസൃതമായി ഈടാക്കാമെന്നിരിക്കെ പ്രസ്തുത ഗുണഭോക്താക്കളിൽ നിന്ന് വായ്പാതിരിച്ചടവിന്റെ ആദ്യകാലയളവിൽ 3,00,000/-രൂപക്കും പലിശ ഈടാക്കിയതായി ഇതിൽനിന്നും വ്യക്തമാകുന്നു. 25/2/22-ൽ ബാങ്ക് സമർപ്പിച്ച സാക്ഷ്യപത്രം പ്രകാരം സബ്സിഡി ലഭ്യമാകുന്നതുവരെ 3,00,000/-രൂപക്കും അതിനുശേഷം 1,00,000/-രൂപക്കുമാണ്

പലിശ ഈടാക്കിയിരിക്കുന്നത് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുതവിവരങ്ങൾ ആരാഞ്ഞുനൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സ്വയംതൊഴിൽ സംരംഭത്തിനായി ഇന്ത്യൻ ബാങ്കിൽ നിന്നും ലോൺ അനുവദിച്ച ഭാരത് ണുണിസഞ്ചിയൂണിറ്റിനും ഇതേ രീതിയിൽ പലിശ ഈടാക്കിയിട്ടുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സ്വയം തൊഴിൽ സംരംഭത്തിനായി പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്ന സബ്സിഡി ആനുകൂല്യം യഥാസമയം ലഭ്യമാകുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതും ലോൺ, തിരിച്ചടവ് എന്നിവയിൽ തുടർ നിരീക്ഷണം നടത്തേണ്ടതും, സംരംഭകരിൽ നിന്നും അധികമായി ഈടാക്കിയ പലിശ തുക തിരികെ ലഭ്യമാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം-1 തീയതി-25/2/22

1-17 സി.ഡി.പി.ഒ നിർവഹണം നടത്തിയ പദ്ധതികളിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സി.ഡി.പി.ഒ നിർവ്വഹണം നടത്തിയ പദ്ധതികളിൽ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്തത് സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം/പദ്ധതിയുടെ പേര് | വിഹിതം കൈപ്പറ്റിയ സ്ഥാപനം | നൽകിയ തുക(രൂപ) |
|---|---|---|---|
| 1 | 67/ചാത്തന്നൂർ ഗ്രാമപഞ്ചായത്ത്<br>വാർഡ് നം-14<br>59-ാം നം. അങ്കണവാടി കെട്ടിട നിർമ്മാണം വിഹിതം നൽകൽ | ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് | 4,86,842/- |
| 2 | 66/ ചാത്തന്നൂർഗ്രാമപഞ്ചായത്ത്<br>വരിഞ്ഞം, വയലിക്കട വാർഡുകളിൽ<br>44, 54 നം. അങ്കണവാടി വിഹിതം | ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് | 2,50,000/- |
| 3 | 64/ചിറക്കരഗ്രാമപഞ്ചായത്ത്<br>കൊച്ചാലുംമൂട്, കണ്ണേറ്റ വാർഡുകളിൽ അങ്കണവാടി കെട്ടിടനിർമ്മാണം വിഹിതം നൽകൽ | ചിറക്കര ഗ്രാമപഞ്ചായത്ത് | 5,31,560/- |
| 4 | 65/ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത്<br>ഇത്തിക്കര വാർഡിലെ 7-ാം നം അങ്കണവാടി കെട്ടിടനിർമ്മാണം വിഹിതംനൽകൽ | ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് | 4,84,188/- |
| | | ആകെ | 17,52,590/- |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി 17,52,590/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-9 തീയതി-2/3/22

1-18 കന്നുകുട്ടി പരിപാലനം - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം- 3/21
വികസനഫണ്ട് അടങ്കൽ- 8,25,000/-രൂപ
ചെലവഴിച്ച തുക- 8,25,000/-രൂപ
ബിൽ നം-4 തുക- 5,00,000/-രൂപ തീയതി-18/9/20
ബിൽ നം-1 തുക- 3,25,000/-രൂപ തീയതി- 26/3/21

2020-21 വർഷം വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ കന്നുകുട്ടി പരിപാലനം എന്ന പദ്ധതിയിൽ 66 ഗുണഭോക്താക്കൾക്ക് കാലിത്തീറ്റ സബ്സിഡിയിനത്തിൽ വകയിരുത്തിയ തുകയായ

8,25,000/-രൂപ അസി.ഡയറക്ടർ ഓഫ് കാഫ് ഫീഡ് സബ്സിഡിക്ക് 22.9.20, 28.3.21 എന്നീ തീയതികളിൽ നൽകിയിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. പ്രസ്തുത വിവരം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. 8,25,000/-രൂപയുടെ തടസ്സം ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം- 8 തീയതി-2/1/22

1-19 സി.എച്ച്.സിയ്ക്ക് ജനറേറ്റർ സ്ഥാപിയ്ക്കൽ - വാങ്ങൽ മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല, ചെലവുകളെ സാധൂകരിയ്ക്കുന്ന സാക്ഷ്യപത്രങ്ങൾ ഇല്ല.

പ്രോജക്ട് നം.103/21-CHCയ്ക്ക് ജനറേറ്റർ സ്ഥാപിയ്ക്കൽ

അടങ്കൽ: 4,60,000/-രൂപ

റ്റി.എസ് നം.29/19-20 തീ.02.07.19

ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)

എം.ബുക്ക് നം. : 12/19-20

ചെലവ് : 4,45,519/-രൂപ

ബിൽ നം.: 7/12.08.20-3,97,047/-രൂപ

13/23.09.20 – 48,472/-രൂപ

സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണത്തിന് നിലവിലുള്ള മാർഗനിർദ്ദേശങ്ങൾ പരിഗണിയ്ക്കാതെ സി.എച്ച്.സിയിൽ ജനറേറ്റർ സ്ഥാപിയ്ക്കുന്നതിലേയ്ക്ക് അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടിൽ എല്ലാ ചെലവുകളെയും സാധൂകരിയ്ക്കുന്ന രേഖകളില്ല.

കേന്ദ്രസർക്കാരിന്റെ ഡയറക്ടർ ജനറൽ ഓഫ് സപ്ലൈസ് ആൻഡ് ഡിസ്പോസൽസ് നടപ്പിലാക്കിയ ഓൺലൈൻ സമാഹരണപദ്ധതിയായ GeM മുഖേന സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ 25.11.17-ലെ സ.ഉ.(ആർ.ടി)67/2017/എസ്.പി.ഡി. ഉത്തരവ് പ്രകാരവും 27.03.18-ലെ സ.ഉ(എം.എസ്) 2/2018/എസ്.പി.ഡി. ഉത്തരവ് പ്രകാരവും പുറപ്പെടുവിയ്ക്കുകയും 25,000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന സമാഹരിയ്ക്കണമെന്ന് വ്യക്തമാക്കുകയും ചെയ്തിരിക്കെ കലയ്ക്കോട് CHC-യിൽ ജനറേറ്റർ സ്ഥാപിയ്ക്കുന്നതിലേയ്ക്ക് GeM മുഖേനയുള്ള സമാഹരണത്തിനുള്ള യാതൊരു നടപടിയും സ്വീകരിയ്ക്കാതെ ഇൻസ്റ്റലേഷൻ പ്രവൃത്തിയ്ക്കുള്ള ഇനങ്ങൾക്കൊപ്പം ജനറേറ്റർ വാങ്ങൽ എന്ന ഇനം കൂടി ഉൾപ്പെടുത്തി ടെണ്ടർ നടപടിയിലൂടെ ജനറേറ്റർ വാങ്ങി.

പ്രസ്തുത പ്രവൃത്തിയിൽ ചുവടെ വ്യക്തമാക്കുന്ന സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്ക് തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | ഇനം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| 1 | Installation Testing And Commisioning Of 2KWA Diesel Set With Acoustic Enclosure (Energy Meter &CTs Shall Be Tested And Certificates Shall Be Obtained From Electrical Inspectorate Lab (Item No.2) ) | 4,000/- |
| 2 | Obtain Test Certificates For All Protective Devices, Preparation Schematic Drawings And Obtain Energisation Certificate Excluding Statutory Fee Remitted To Different Statutory Authorities | 2,000/- |

എന്നാൽ ഇപ്രകാരമുള്ള ഏതെങ്കിലും സാക്ഷ്യപത്രങ്ങൾ നേടിയതായോ ആയതിലേയ്ക്ക് പണം

ഒടുക്കിയതായോ വ്യക്തമാക്കുന്ന രേഖകളില്ല.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട അസി.എഞ്ചിനീയർക്ക് അറിയിപ്പ് നൽകി വിശദീകരണം കിട്ടുന്ന മുറയ്ക്ക് സമർപ്പിയ്ക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.

സാക്ഷ്യപത്രങ്ങളുടെ അഭാവത്തിൽ ആയതിനായി ചെലവഴിച്ച 6,000/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. സാക്ഷ്യപത്രങ്ങൾ ഹാജരാക്കി തടസ്സം തീർപ്പാക്കേണ്ടതാണ്. നിലവിലുള്ള മാർഗനിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ട് സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണത്തിനുള്ള നടപടികൾ സ്വീകരിയ്ക്കുവാൻ ഭരണനിർവ്വഹണാധികാരികൾ ശ്രദ്ധിയ്ക്കേണ്ടതാണ്. ഈ വിഷയത്തിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും രേഖാമൂലം വിശദീകരണം വാങ്ങേണ്ടതും വകുപ്പുതലത്തിൽ അന്വേഷണം നടത്തേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 3/26.2.22

1-20 പൊളിച്ചെടുത്ത പാറയും കുഴിച്ചെടുത്ത മണ്ണും പുനരുപയോഗിച്ചിട്ടില്ല, തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രോജക്ട് നം.118/21- ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ പുഞ്ചിരിച്ചിറ മണ്ണാൻതോട് സംരക്ഷണം
അടങ്കൽ: 5,00,000/-രൂപ
എസ്റ്റിമേറ്റ് നം.2019/61822
ഫണ്ടിനം : വികസനഫണ്ട്(എസ്.സി.പി)
കരാർ നം.: 11/AE/LSGD//IBP/19-20 തീ.09.12.19

എം.ബുക്ക് നം. :12/19-20

ചെലവ് : 4,79,117/-രൂപ

ബിൽ നം.: 18/13.03.20 – 2,74,358/-രൂപ

6/10.07.20 -2,04,579/-രൂപ

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ പുഞ്ചിരിച്ചിറ മണ്ണാൻതോട് സംരക്ഷണവും കോൺക്രീറ്റും എന്ന പ്രവൃത്തിയിൽ ചുവടെ ചേർക്കുന്ന ഇനം പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഇനം | പ്രവൃത്തി അളവ് | എം ബുക്ക് |
|---|---|---|---|
| 1 | Dismantling Stone Masonary As Per Technical Specification Clause 202....(item Code2.7.D) | 13.365 $M^3$ | 12/19-20 Page No.1 |
| 2 | Earth Work In Excavation For Structures....(item Code11.1.1.1) | 11.442 $M^3$ | 12/19-20 Page No.2 |

പ്രസ്തുത ഇനങ്ങൾ പ്രകാരം ഡിസ്മാന്റിൽ ചെയ്ത പാറയും കുഴിച്ചെടുത്ത മണ്ണും ഏതെങ്കിലും പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തിയതായോ സ്റ്റാക്ക് ചെയ്തതായോ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ആയവ ലേലം ചെയ്ത് നൽകുകയോ അവയുടെ വില ബില്ലിൽ കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട അസി.എഞ്ചിനീയർക്ക് അറിയിപ്പ് നൽകി വിശദീകരണം കിട്ടുന്ന മുറയ്ക്ക് സമർപ്പിയ്ക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. നിർമ്മാണപ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്തതും പുനരുപയോഗിക്കാത്തതുമായ 13.365 ഘന മീറ്റർ മണ്ണിന്റെ വില ലോക്കൽ മാർക്കറ്റ് വിലയായ ഘന മീറ്ററിന് 175/-രൂപ നിരക്കിൽ കണക്കാക്കി 2,339/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. ഡിസ്മാന്റിൽ ചെയ്ത പാറയുടെ കുറഞ്ഞത് 50% എങ്കിലും പുനരുപയോഗയോഗ്യമായി നിർണ്ണയിക്കണമെന്ന NH വിഭാഗം ചീഫ് എൻജിനീയറുടെ 09.03.84 ലെ NH8-6042/83 നമ്പർ

സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർനടപടികൾ സ്വീകരിച്ച് പാറയുടെ വില നിശ്ചയിച്ച് ഈടാക്കേണ്ടതാണ്. തുക ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക - 2,339/-രൂപ

ഓഡിറ്റ് എൻക്വയറി നം - 3/26.02.22

1-21 കുഴിച്ചെടുത്ത മണ്ണിന്റെ പുനരുപയോഗ വിവരങ്ങളില്ല.

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണ് ഏതെങ്കിലും പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തിയതായോ സ്റ്റാക്ക് ചെയ്തതായോ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ആയവ ലേലം ചെയ്ത് നൽകുകയോ അവയുടെ വില ബില്ലിൽ കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് ($M^3$) | എം ബുക്ക് |
|---|---|---|---|
| 1 | പ്രോ.നം.119/21- ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ കാരാവിള കോളനി സംരക്ഷണഭിത്തി.<br>അടങ്കൽ: 5,45,655/-<br>എസ്റ്റിമേറ്റ് നം.2019/130876<br>ഫണ്ടിനം : വികസനഫണ്ട്(എസ്.സി.പി)<br>കരാർ നം.: 15/AE/LSGD/IBP/19-20<br>തീ.02.03.20<br>എം.ബുക്ക് നം. :1/20-21<br>ചെലവ് : 4,97,456/-രൂപ<br>ബിൽ നം.: 5/10.07.20 | 26.4 | 1/19-20<br>Page No.2 |
| 2 | പ്രോ.നം.22/21- ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ കാരാവിള കോളനി സൈഡ് വാൾനിർമാണം<br>അടങ്കൽ: 5,00,000/-<br>എസ്റ്റിമേറ്റ് നം.2020/49089<br>ഫണ്ടിനം : വികസനഫണ്ട്(എസ്.സി.പി)<br>കരാർ നം.: 11/AE/LSGD//IBP/19-20<br>തീ.09.12.19<br>എം.ബുക്ക് നം. :03/20-21<br>ചെലവ് : 4,88,751/-രൂപ<br>ബിൽ നം.: 10/28.08.20 | 16.8 | 3/19-20<br>Page No.2 |

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് പ്രോ.നം.22/21 പ്രകാരം കുഴിച്ചെടുത്ത 16.8 ഘന മീറ്റർ മണ്ണിന്റെ വിലയായി ലോക്കൽ മാർക്കറ്റ് വില കണക്കാക്കി ഘന മീറ്ററിന് 175/-രൂപ നിരക്കിൽ 2,940/-രൂപ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തിയിട്ടുണ്ട്. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ കാരാവിള കോളനി സംരക്ഷണഭിത്തി നിർമ്മാണപ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്തതും പുനരുപയോഗിക്കാത്തതുമായ 26.4 ഘന മീറ്റർ മണ്ണിന്റെ വില ലോക്കൽ മാർക്കറ്റ് വിലയായ ഘന മീറ്ററിന് 175/-രൂപ നിരക്കിൽ കണക്കാക്കി 4,620/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരിച്ച തുക - 4,620/-രൂപ

ഓഡിറ്റ് എൻക്വയറി നം - 3/26.02.22

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഒരേ ഗുണഭോക്താവിന് ഒന്നിലധികം തവണ ആനുകൂല്യം നല്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നമ്പർ നം.62/20-21 ) |
| നിർവഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 5,00,000/-രൂപ |
| ഫണ്ട് | വികസന ഫണ്ട്(എസ്.സി.പി) |
| ചെലവ് | 5,00,000/-രൂപ |

മേൽ പദ്ധതി പ്രകാരം രണ്ടാം വർഷ ബിരുദ വിദ്യാർത്ഥിയായ (ബി.എ. എക്കണോമിക്സ്, മന്നം മെമ്മോറിയൽ എൻ.എസ്.എസ് കോളേജ്, കൊട്ടിയം) ശ്രുതി.എം, കാഞ്ഞിരംവിള, കലക്കോട് പി.ഒ, പൂതക്കുളം എന്ന വിദ്യാർത്ഥിയ്ക്ക് പട്ടികജാതി വികസന ഓഫീസറുടെ 26.02.20-ലെ ഉത്തരവ് നമ്പർ ഐ.ബി 300/20 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബിൽനമ്പർ.37/20-21, 21.10.20 പ്രകാരം 20,000/- രൂപ എസ്.ബി.ഐ-യുടെ സൗത്ത് പരവൂർ ബ്രാഞ്ചിലെ 67341815168 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇതേ വിദ്യാർത്ഥിക്ക് പട്ടികജാതി വികസന ഓഫീസറുടെ 20.10.20-ലെ ഉത്തരവ് നമ്പർ ഐ.ബി 300/20 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബിൽനമ്പർ. 37/20-21, 21.10.20 പ്രകാരം വീണ്ടും 20,000/- രൂപ ഇതേ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഒരേ പദ്ധതി പ്രകാരം ഒരേ ഗുണഭോക്താവിന് ഒന്നിലധികം തവണ ആനുകൂല്യം നല്കിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിൽ, നോട്ടപ്പിശകുമൂലം ഉണ്ടായ പിഴവാണെന്നും, ആയത് ഗുണഭോക്താവിനോട് തിരികെ അടയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും തുക തിരികെ അടച്ച ചെല്ലാൻ അയച്ചുതരുന്നതാണെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. അധികം ചെലവഴിച്ച 20,000/-രൂപ ഈടാക്കി ഒടുക്കു വരുത്താത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനായി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

നിരാകരണം-20,000/-രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ.5/2020-21, 28.02.2022

### 3-2 പൊളിച്ചെടുത്ത പാറയും കുഴിച്ചെടുത്ത മണ്ണും പുനരുപയോഗിച്ചിട്ടില്ല, തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രോജക്ട് നം.118/21- ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ പുഞ്ചിരിച്ചിറ മണ്ണാൻതോട് സംരക്ഷണം

അടങ്കൽ: 5,00,000/-രൂപ

എസ്റ്റിമേറ്റ് നം.2019/61822

ഫണ്ടിനം : വികസനഫണ്ട്(എസ്.സി.പി)

കരാർ നം.: 11/AE/LSGD//IBP/19-20 തീ.09.12.19

എം.ബുക്ക് നം. :12/19-20

ചെലവ് : 4,79,117/-രൂപ
ബിൽ നം.: 18/13.03.20 -2,74,358/-രൂപ

6/10.07.20 – 2,04,579/-രൂപ

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ പുഞ്ചിരിച്ചിറ മണ്ണാൻതോട് സംരക്ഷണവും കോൺക്രീറ്റും എന്ന പ്രവൃത്തിയിൽ ചുവടെ ചേർക്കുന്ന ഇനം പ്രവൃത്തികൾ ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഇനം | പ്രവൃത്തി അളവ് | എം ബുക്ക് |
|---|---|---|---|
| 1 | Dismantling Stone Masonary As Per Technical Specification Clause 202....(item Code2.7.D) | 13.365 $M^3$ | 12/19-20 Page No.1 |
| 2 | Earth Work In Excavation For Structures....(item Code11.1.1.1) | 11.442 $M^3$ | 12/19-20 Page No.2 |

പ്രസ്തുത ഇനങ്ങൾ പ്രകാരം ഡിസ്മാന്റിൽ ചെയ്ത പാറയും കുഴിച്ചെടുത്ത മണ്ണും ഏതെങ്കിലും പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തിയതായോ സ്റ്റാക്ക് ചെയ്തതായോ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ആയവ ലേലം ചെയ്ത് നൽകുകയോ അവയുടെ വില ബില്ലിൽ കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട അസി.എഞ്ചിനീയർക്ക് അറിയിപ്പ് നൽകി വിശദീകരണം കിട്ടുന്ന മുറയ്ക്ക് സമർപ്പിയ്ക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. നിർമ്മാണപ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്തതും പുനരുപയോഗിക്കാത്തതുമായ 13.365 ഘന മീറ്റർ മണ്ണിന്റെ വില ലോക്കൽ മാർക്കറ്റ് വിലയായ ഘന മീറ്ററിന് 175/-രൂപ നിരക്കിൽ കണക്കാക്കി 2,339/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിയ്ക്കുന്നു. ഡിസ്മാന്റിൽ ചെയ്ത പാറയുടെ കുറഞ്ഞത് 50% എങ്കിലും പുനരുപയോഗയോഗ്യമായി നിർണ്ണയിക്കണമെന്ന NH വിഭാഗം ചീഫ് എൻജീനിയറുടെ 09.03.84 ലെ NH8-6042/83 നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി തുടർനടപടികൾ സ്വീകരിച്ച് പാറയുടെ വില നിശ്ചയിച്ച് ഈടാക്കേണ്ടതാണ്. തുക ഈടാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക - 2,339/-രൂപ
ഓഡിറ്റ് എൻക്വയറി നം - 3/26.02.22

3-3 കുഴിച്ചെടുത്ത മണ്ണിന്റെ പുനരുപയോഗ വിവരങ്ങളില്ല.

അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ വിവിധ പ്രവൃത്തികളിൽ കുഴിച്ചെടുത്ത മണ്ണ് ഏതെങ്കിലും പ്രവൃത്തിക്കായി ഉപയോഗപ്പെടുത്തിയതായോ സ്റ്റാക്ക് ചെയ്തതായോ എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ആയവ ലേലം ചെയ്ത് നൽകുകയോ അവയുടെ വില ബില്ലിൽ കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് ($M^3$) | എം ബുക്ക് |
|---|---|---|---|
| 1 | പ്രോ.നം.119/21- ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ കാരാവിള കോളനി സംരക്ഷണഭിത്തി.<br>അടങ്കൽ: 5,45,655/-<br>എസ്റ്റിമേറ്റ് നം.2019/130876<br>ഫണ്ടിനം : വികസനഫണ്ട്(എസ്.സി.പി)<br>കരാർ നം.: 15/AE/LSGD/IBP/19-20<br>തീ.02.03.20 | 26.4 | 1/19-20<br>Page No.2 |

| | | | |
|---|---|---|---|
| | എം.ബുക്ക് നം. :1/20-21<br>ചെലവ് : 4,97,456/-രൂപ<br>ബിൽ നം.: 5/10.07.20 | | |
| 2 | പ്രോ.നം.22/21- ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ കാരാവിള കോളനി സൈഡ് വാൾനിർമാണം<br>അടങ്കൽ: 5,00,000/-<br>എസ്റ്റിമേറ്റ് നം.2020/49089<br>ഫണ്ടിനം : വികസനഫണ്ട്(എസ്.സി.പി)<br>കരാർ നം.: 11/AE/LSGD//IBP/19-20<br>തീ.09.12.19<br>എം.ബുക്ക് നം. :03/20-21<br>ചെലവ് : 4,88,751/-രൂപ<br>ബിൽ നം.: 10/28.08.20 | 16.8 | 3/19-20<br>Page No.2 |

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് പ്രോ.നം.22/21 പ്രകാരം കുഴിച്ചെടുത്ത 16.8 ഘന മീറ്റർ മണ്ണിന്റെ വിലയായി ലോക്കൽ മാർക്കറ്റ് വില കണക്കാക്കി ഘന മീറ്ററിന് 175/-രൂപ നിരക്കിൽ 2,940/-രൂപ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തിയിട്ടുണ്ട്. ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്തിലെ കാരാവിള കോളനി സംരക്ഷണഭിത്തി നിർമ്മാണപ്രവൃത്തിയുടെ ഭാഗമായി കുഴിച്ചെടുത്തതും പുനരുപയോഗിക്കാത്തതുമായ 26.4 ഘന മീറ്റർ മണ്ണിന്റെ വില ലോക്കൽ മാർക്കറ്റ് വിലയായ ഘന മീറ്ററിന് 175/-രൂപ നിരക്കിൽ കണക്കാക്കി 4,620/-രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

നിരാകരിച്ച തുക - 4,620/-രൂപ
ഓഡിറ്റ് എൻക്വയറി നം - 3/26.02.22

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 25/2/22 | കെ.എസ്.എ.കെ.എൽ.എം.പി.5/484/22<br>തീയതി.8.6.22 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത് | 2020-21 | 5,60,000/- | പി.എം.എ.വൈ | 5,60,000/- | - |
| പൂതക്കുളം ഗ്രാമപഞ്ചായത്ത് | 2020-21 | 4,20,000/- | പി.എം.എ.വൈ | 4,20,000/- | - |
| ചിറക്കര ഗ്രാമപഞ്ചായത്ത് | 2020-21 | 3,50,000/- | പി.എം.എ.വൈ | 3,50,000/- | - |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി

തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്-പദ്ധതി നം | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പ്രോജക്ട് നം-62 | 31/20-21 തീയതി.24.8.20 | 5,00,000/- | 0 | 5,00,000/- |
| വാട്ടർ അതോറിറ്റി | പ്രോജക്ട് നം-82 | 32/20-21 തീയതി.24.8.20 | 5,00,000/- | 0 | 5,00,000/- |
| കെ.എസ്.ഇ.ബി | പ്രോജക്ട് നം-99 | 16/20-21 തീയതി.22.4.20 505355/- | 10,85,376/- | 0 | 10,85,376/- |
| | | 17/20-21 തീയതി.22.4.20 279757/- | | | |
| | | 18/20-21 തീയതി.22.4.20 300264/- | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവും ചെലവും ഇല്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക(രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ലോൺ | സ.ഉ(എം.എസ്.) 90/13/തസ്വഭവ /തീയതി 14/3/2013 | 1,36,16,454/- | 1,08,18,592(മുതൽ) + 43,23,700(പലിശ) | 55,38,334/- | 43,23,700/- | 52,80,258/- (മുതൽ) |
| | | | | (98,62,034/-) | | |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 28 | 2001-02 | 1-7 | നെൽകൃഷിക്കാർക്ക് | നിയമസഭാ സമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | മൺവെട്ടി വിതരണം - പാഴ്ചെലവ് | പരിഗണനയിലാണ് |
| 2014-15 | 3-1 | 2016-17 | - | പട്ടികജാതി/പട്ടിക വർഗ്ഗ പദ്ധതികളുടെ അവലോകനം (വിദ്യാഭ്യാസം) | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 20,000/- | ശ്രീ.മുരളീധരൻനായർ.എസ് പട്ടികജാതിവികസന ഓഫീസർ |
| 3-2 | | 2,339/- | ശ്രീമതി.ജസ്ന ഫാത്തിമ അസി.എഞ്ചിനീയർ |
| 3-3 | | 4,620/- | ശ്രീമതി.ജസ്ന ഫാത്തിമ അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 20,85,376/- | ശ്രീ.ശംഭു.എസ്, സെക്രട്ടറി |
| 1-15 | 22,457/- | ശ്രീ.ശംഭു.എസ്, സെക്രട്ടറി |
| 1-17 | 17,52,590/- | ശ്രീമതി.രഞ്ജിനി.എൽ, സി.ഡി.പി.ഒ |
| 1-18 | 8,25,000/- | ഡോ.അനുപമ.ആർ, വെറ്റിനറിസർജൻ |
| 1-19 | 6,000/- | ശ്രീമതി.ജസ്ന ഫാത്തിമ, അസി.എഞ്ചിനീയർ |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.മുരളീധരൻനായർ.എസ് പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് | കൗസ്തുഭം,97/126, ഇടവനക്കോണം, എഞ്ചിനീയറിംഗ് കോളേജ് പി.ഒ, ശ്രീകാര്യം, തിരുവനന്തപുരം -695016 |
| ശ്രീ.ശംഭു.എസ് സെക്രട്ടറി | സെക്രട്ടറി, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | കാർത്തിക, നിയർ ഇ.എസ്.ഐ, |

| | | |
|---|---|---|
| | | ഇളമ്പള്ളൂർ,<br>കുണ്ടറ |
| ശ്രീമതി.രഞ്ജിനി.എൽ<br>സി.ഡി.പി.ഒ | സി.ഡി.പി.ഒ, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | കൊല്ലിരഴികത്ത് വീട്,<br>മൈലക്കാട് പി.ഒ,<br>മൈലക്കാട് |
| ഡോ.അനുപമ .ആർ.<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, വെറ്റിനറി ഡിസ്പെൻസറി, ശാർക്കര, ചിറയിൻകീഴ് | ഏദൻ4എ,<br>എസ്.എഫ്.എസ്<br>സൈബർ ഗേറ്റ് വെ<br>അപാർട്ട്മെന്റ്സ്,<br>വെട്ടുറോഡ്, കഴക്കൂട്ടം |
| ശ്രീമതി.ജസ്സ ഫാത്തിമ<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് | ഫാത്തിമാസ്,<br>റ്റി.സി11/806,<br>കൃഷ്ണനഗർ, ഉള്ളൂർ,<br>പട്ടം പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 മുതൽ 2005-06 വരെ | കെ.എസ്.എ.കെ.എൽ.എം.പി5/1447/18 തീയതി 07.02.2018 | 7 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി5/11/18 തീയതി 07.02.2018 | 3 |
| 2007-08 | എൽ.എഫ്.ക്യൂ/ഡി.ബി/1390/13 തീയതി 12.12.2013 | 4 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി5/320/19 തീയതി 27.03.2019 | 3 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/549/16 തീയതി 31.03.2016 | 11 |
| 2010-11 | എൽ.എഫ്.ക്യൂ/ഡി.ബി/2590/14 തീയതി 09.03.2015 | 4 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/1371/15 തീയതി 30.10.2015 | 5 |
| 2012-13 &<br>2013-14 | കെ.എസ്.എ.കെ.എൽ.എം.ഡി.ബി/1752/16തീയതി 08.02.2017 | 12 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി5/354/20 തീയതി 30.04.2020 | 6 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി5/829/17 തീയതി 29.11.2017 | 10 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി5/1806/19 തീയതി 19.05.2020 | 8 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി5/2035/18 തീയതി 09.01.2020 | 16 |

| | | |
|---|---|---|
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി5/1038/2020 തീയതി 20.11.2020 | 16 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി5/483/2022 തീയതി 23.5.2022 | എല്ലാ ഖണ്ഡികകളും |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്